പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4479 26.06.2014 -ൽ മറുപടി നൽകേണ്ടത്

## ഡെപ്യൂട്ടി കളക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. അടൂർ പ്രകാശ്<br>ബഹു. റവന്യൂവും കയറും<br>വകുപ്പ് മന്ത്രി. |
| (എ) റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് ഏറ്റവും അവസാനം പ്രസിദ്ധീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ; | (എ) | 21.10.1997 തീയതിയിലെ സ.ഉ.(പി) നം. 783/97/റവ പ്രകാരമാണ് ഏറ്റവും ഒടുവിൽ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. |
| (ബി) ഡെപ്യൂട്ടി കളക്ടർമാരുടെ സീനി യോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരി ക്കുന്നതിൽ വർഷങ്ങളുടെ കാല താമസം ഉണ്ടാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;<br><br>(സി) എങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ : | (ബി) & (സി) | വിവിധ കോടതി വിധികളുടെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ വകുപ്പിലെ തഹസീൽദാർ തസ്തിക വരെയുള്ള ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി സ്ഥാനങ്ങളിൽ വ്യത്യാസം സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ 17.11.2009 ലെ ജി.ഒ (പി) നം. 458/09/റവ പ്രകാരം പ്രസിദ്ധീകരിച്ച ഡെപ്യൂട്ടി കളക്ടർമാരുടെ 01.01.1997 മുതൽ 31.10.2009 വരെയുള്ള കാലയളവിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ഡെപ്യൂട്ടി കളക്ടർമാരുടെ സീനി യോറിറ്റി സ്ഥാനങ്ങളിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാന ത്തിൽ 01.01.1997 മുതൽ 31.07.2013 വരെയുള്ള കാലയളവിലെ ഡെപ്യൂട്ടി |

| | |
|---|---|
| | കളക്ടർമാരുടെ പുതുക്കിയ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ഡി) സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്ത സമയത്ത് ഏതെങ്കിലും ഡെപ്യൂട്ടി കളക്ടർക്ക് ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ടോ ; അർഹതയുള്ള എത്ര പേർക്കാണ് ഡെപ്യുട്ടി കളക്ടർ ഹയർ ഗ്രേഡ് അനുവദിക്കാനുള്ളത് ; സർവ്വീസിൽ നിന്നും വിരമിച്ചവർക്കു പോലും ഹയർ ഗ്രേഡ് അനുവദിക്കാത്തതിന്റെ കാരണമെന്താണ് ? | (ഡി) ഡെപ്യൂട്ടി കളക്ടർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്ത അവസരങ്ങളിൽ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രകാരം അർഹരായ നിരവധി ഡെപ്യൂട്ടി കളക്ടർമാർക്ക് ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ 21.03.2013 തീയതിയിലെ സ.ഉ.(സാധാ) നം. 1645/2013/റവ പ്രകാരം 13 ഡെപ്യൂട്ടി കളക്ടർമാർക്ക് ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. സർവ്വീസിൽ നിന്നും വിരമിച്ചവർ ഉൾപ്പെടെ അർഹതയുള്ള എല്ലാവർക്കും ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ ഒഴിവുള്ള ഹയർ ഗ്രേഡ് അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.